## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5974 — 19/11/2019-ൽ മറുപടിക്ക്

### ചെങ്ങന്നൂർ മണ്ഡലത്തിലെ വൈദ്യുതി അപകടങ്ങൾ

| | ചോദ്യം<br><br>**ശ്രീ.സജി ചെറിയാൻ** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്ന് വൈദ്യുതി അപകടങ്ങളുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകൾ ഏതെല്ലാമാണ്; | (എ) | ചെങ്ങന്നൂർ മണ്ഡലത്തിൽ നിന്ന് ഈ വർഷം വൈദ്യുതി അപകടങ്ങളുമായി ബന്ധപ്പെട്ട് അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ രണ്ട് അപകടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെട്ട അപകടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.<br>(1) ശ്രീ. ഓമനക്കുട്ടൻ 26.07.2019 ന് വീട്ടിനകത്തു വച്ച് മാരകമായ വൈദ്യുതാ ഘാതമേറ്റ് മരിച്ചു<br>(2) ശ്രീ. ബിജു 28.08.2019 ന് പെയിന്റിംഗ് പണിക്ക് ചാരം കെട്ടുന്നതിനു വേണ്ടി ഇരുമ്പ് പൈപ്പ് ഉയർത്തിയപ്പോൾ 11 കെ.വി.യിൽ നിന്നും മാരകമായ വൈദ്യുതാഘാതമേറ്റ് മരിച്ചു |
| (ബി) | അതിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | (ബി) | (1) 26.07.2019 - ന് ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിൽ മാന്നാർ ഇലക്ട്രിക്കൽ സെക്ഷന് കീഴിൽ ശ്രീ. ഓമനക്കുട്ടൻ വീട്ടിൽ നിന്നും തൊഴുത്തിലേയ്ക്ക് ഇൻസുലേഷൻ കേടു വന്ന വയർ ഉപയോഗിച്ച് വൈദ്യുതി ഉപയോഗിക്കുമ്പോൾ ഇൻസുലേഷൻ കേടായ ഭാഗത്തു നിന്നും മാരകമായ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടു. ടി വ്യക്തിക്ക് കൺസ്യൂമറുടെ പ്രതിഷ്ഠാപനത്തിൽ നിന്നും വൈദ്യുതാഘാതമേറ്റതിനാൽ വൈദ്യുതി സുരക്ഷ സ്കീം പ്രകാരമുള്ള ആശ്വാസ ധനസഹായത്തിന് അനന്തരാവകാശികൾ അർഹരല്ല എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള കത്ത് 03-10-2019 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചെങ്ങന്നൂരിന് നല്കിയിരുന്നു.<br>(2) 28-08-2019 ന് ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ മാന്നാർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ശ്രീ. ബിജുവിന് പെയിന്റിംഗ് പണിയ്ക്ക് വേണ്ടി ഇരുമ്പ് പൈപ്പ് |

| | | | |
|---|---|---|---|
| | | | ഉപയോഗിച്ച് ചാരം കെട്ടുമ്പോൾ കൈയിൽ നിന്ന് പൈപ്പ് വഴുതി 11 കെ.വി. ലൈനിൽ തട്ടുകയും മാരകമായ വൈദ്യുതാഘാതമേറ്റ് മരണപ്പെടുകയുമുണ്ടായി. ടി വ്യക്തിയുടെ അശ്രദ്ധമായ പ്രവൃത്തിമൂലമാണ് ബോർഡിന്റെ പ്രതിഷ്ഠാപനത്തിൽ വൈദ്യുതാഘാത മേറ്റതിനാൽ വൈദ്യുതി സുരക്ഷാ സ്കീം പ്രകാരമുള്ള ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിക്കുന്ന രേഖകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് 24.9.2019 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചെങ്ങന്നൂരിന് കൊടുത്തിട്ടുണ്ട്. പ്രസ്തുത രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ